**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **07-02-2023 - ൽ മറുപടിയ്ക്ക്**

**അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി വിധി നടപ്പാക്കുന്നത് മൂലമുണ്ടായ പ്രതിസന്ധി കാരണം നിയമനാംഗീകാരം ലഭിക്കാൻ വർഷങ്ങളായി കാത്തിരിക്കുന്ന എത്ര അധ്യാപക-അനധ്യാപക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/2021 നമ്പർ കേസിന്റെ 10.08.2022 ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ കേഡർ സ്ട്രെങ്ത്തിന്റെ മൊത്തം ഒഴിവുകളിൽ 7/2/1996 മുതൽ 18/4/2017 വരെ നടത്തിയ നിയമനങ്ങളിൽ മൂന്ന് ശതമാനവും 19/4/2017 മുതൽ നടത്തിയ നിയമനങ്ങളിൽ നാല് ശതമാനവും സംവരണ തോതിൽ ബാക് ലോഗ് കണക്കാക്കി G.O.(P)No.5/19/SJD dated 7/05/2019 പ്രകാരം 18.11.2018 മുതൽ മാനേജർമാർ നിയമനം നടത്തേണ്ടതാണ്. തദനുസരണം 18.11.2018 ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ, 25.06.2022 ലെ സ.ഉ.(കൈ)നം.111/2022/പൊ വി വ, 28.10.2022 ലെ ജെ3/49/2021/പൊ വി വ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണ് എന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സമന്വയ സോഫ്റ്റ് വെയർ മുഖാന്തിരം റോസ്റ്റർ തയാറാക്കി സമർപ്പിക്കുവാനും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. 18.11.2018 ന ശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ, നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. 10.08.2022 ലെ ഉത്തരവിനെതിരെ നിരവധി അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയതു നിലവിൽ ബഹു ഹൈക്കോടതിയുടെ പരിഗണയിലുമാണ്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണയിലിരിക്കുന്ന വിഷയമായ തിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ് . |

സെക്ഷൻ ഓഫീസർ